# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1158 30.01.2018 ലെ മറുപടിയ്ക്ക്**

## പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ /ഡി.പി.ആർ. നടപടികളിലെ കാലതാമസം

**ചോദ്യം**

**ശ്രീ.എം.രാജഗോപാലൻ**

**ഉത്തരം**

**ശ്രീ.ജി.സുധാകരൻ**

**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) കാസർഗോഡ് ജില്ലയിലെ വിവിധ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നതിനും വർഷങ്ങളുടെ കാലതാമസമെടുക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർ ഗോഡ് ജില്ലയിൽ സമീപ കാലത്തായി മൂന്ന പ്രാവശ്യത്തോളം ടെണ്ടർ ചെയ്തിട്ടും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ഏറ്റെടുക്കുവാൻ കരാറുകാർ തയ്യാറായിരുന്നില്ല. എന്നാൽ ഇപ്പോൾ എല്ലാ പാലങ്ങളുടെയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറിൽ ഏർപ്പെടാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ കാസർഗോഡ്ജില്ലയിലെ വിവിധ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നതിനും കാലതാമസം എടുത്തിട്ടില്ല.

(ബി) ആവശ്യമായ തുക വകയിരുത്തിയ പാലങ്ങൾക്ക് എ.എസ്. ലഭിക്കാൻ ഇൻവെസ്റ്റിഗേഷൻ, ഡി.പി.ആർ. എന്നിവ സമയബന്ധിതമായി ലഭിക്കണമെന്നിരിക്കെ കാല താമസം പരിഹരിക്കാൻ നടപടി ഉണ്ടാകുമോ; വ്യക്തമാക്കാമോ?

(ബി) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് ആവശ്യമായ ഏറ്റവും കുറഞ്ഞ സമയമാണ് പൂർത്തീകരണ കാലാവധിയായി നൽകുന്നത്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഡ്രിക് ബോർഡിൽ സമർപ്പിച്ച് ഡിസൈൻ ലഭിച്ച ശേഷമാണ് ഡി.പി.ആർ. തയ്യാറാക്കുന്നത്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഡി.പി.ആർ തയ്യാറാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

S. Bindh

**സെക്ഷൻ ഓഫീസർ**